
# എഡിറ്റോറിയൽ




അക്ഷരങ്ങളുടെ സൗന്ദര്യവും വാക്കുകളുടെ ശക്തിയും വാക്യങ്ങളിലെ ആശയങ്ങളും തിരിച്ചറിയപ്പെടുന്നത് അവ വായിക്കപ്പെടുമ്പോഴാണ്. ഈ ഹൈടെക്ക് കാലഘട്ടത്തിൽ വായനയുടെ പുതിയ മാനങ്ങളുമായി ഡിജിറ്റൽ "കാർത്തിക" വായനക്കാർക്കു മുന്നിൽ അണിയിച്ചൊരുക്കിയിരിക്കുകയാണ്

ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ. അക്ഷരങ്ങളേയും മണക്കാട് സ്കൂളെന്ന അക്ഷര മുത്തശിയേയും സ്നേഹിക്കുന്നവർക്കായി കാർത്തികയെന്ന ഈ ഡിജിറ്റൽ മാഗസിൻ സവിനയം സമർപ്പിക്കട്ടെ............

സ്നേഹത്തോടെ,

രാജേശ്വരി എൽ
സബ് എഡിറ്റർ

നസ്റിൻ അലി
ചീഫ് എഡിറ്റർ



# താളുകൾക്കുള്ളിൽ.............

* സർക്കാർ വിദ്യാലയങ്ങളുടെ തുടക്കവും മണക്കാട് സ്കൂളും
(മലയിൻകീഴ് ഗോപാലകൃഷ്ണൻ)

*ബഷീർ എന്ന സാഹിത്യ വിസ്മയം – (ഇൽമുനിസ എസ് എൻ)

*നെല്ല് ധാന്യങ്ങളുടെ രാജാവ് – (അജിത്ത് കുമാർ എസ്എസ്, എച്ച്.എസ്.എസ്.റ്റി)

*സ്ത്രീയായി പിറന്നതിന് ഇത്രയും വേദനകൾ അനുഭവിക്കണോ – ( ആർഷന. എസ് )

*ഹൃദയം – ( മീനാംബികദേവി ദേവി, എച്ച്.എസ്.റ്റി )

*മദർ തെരേസ – ( ധന്യ പി )

*എസ് പി സിയിൽ വന്നപ്പോൾ എനിക്കുണ്ടായ മാറ്റം – (സംഗമിത്ര എം)

* കടങ്കഥൾ – (സജ്ന എസ് എം)

* PLAYING IN THE GARDEN – ( AFSANA A)

* ഈശ്വരൻ അനുഗ്രഹിക്കട്ടെ – ( സുരേഷ് എഫ്.റ്റി.എം)

* അമ്മ – ( ആമിന എൻ )

* നമ്മുടെ മാലിന്യം ആര് ചുമക്കണം – (ഗൗരി സുരേഷ്)

* നീർക്കുമിള – (മീനാംബിക ദേവി) *ബാല്യം– (ആരതി എംനായർ)


* നിന്നെയും കാത്ത് – (രേഷ്മ സുരേഷ്)

* ANIMALS FOR A MEDICAL RESEARCH – ( AFSANA M RAHMAN)

* പ്രഭാത വർണ്ണന – (അമൃത എസ്) * അശ്രുപൂജ – ( ശോഭ, UPSA

സ്വാതന്ത്ര്യം തന്നെ അമൃതം – (ആദിത്യ ബി എസ്)

# ഇവർ ഞങ്ങളുടെ സാരഥികൾ







**AjithKumar S**

**Principal HSS**

**JottilaJoys**

**Principal VHSS**



**Vijayakumaaran Namboothiri**

**Head Master**

**Sajikumar KG**

**Deputy Head Master**

# ലിറ്റിൽ കൈറ്റ്സ് സ്കൂൾതലനിർവഹണസമിതി




















# സർക്കാർ വിദ്യാലയങ്ങളുടെ തുടക്കവും മണക്കാട് സ്കൂളും



മലയിൻകീഴ് ഗോപാലകൃഷ്ണൻ

ഇന്ത്യയുടെ ചരിത്രത്തിൽ സർക്കാർ ചെലവിൽ വിദ്യാലയം തുടങ്ങിയ ആദ്യ നാട്ടു രാജ്യമാണ് തിരുവിതാംകൂർ.
സ്വാതിതിരുന്നാൾ പ്രായപൂർത്തിയാകാത്തതിനാൽ അദ്ദേഹത്തിന്റെ ചിറ്റമ്മ റാണി ഗൗരി പാർവതീഭായി ( 1815-1829) രാജ്യം ഭരിക്കുന്ന സമയമായിരുന്നു അത്.
1917 ൽ പാർവതീഭായിയാണ് സർക്കാർ ചെലവിൽ ആദ്യമായി വാദ്ധ്യാന്മാരെ (അധ്യാപകരെ ) നിയമിക്കാൻ ഉത്തരവിറക്കിയത്. പിന്നീട് കുട്ടികളെ പഠിപ്പിക്കാൻ ഗ്രന്ഥ നിർമാണത്തിന് നടപടി സ്വീകരിച്ചതും പാർവതീറാണിയാണ്. ഇതോടെ നാട്ടുവിദ്യാലയങ്ങൾ പലേടത്തും ആരംഭിച്ചു.
പാർവതീ റാണിക്ക് ശേഷംഅധികാരമേറ്റ സർവകവാവല്ലഭനായ സ്വാതിതിരുന്നാൾ ( 1829 – 1846 )

മഹാരാജാവാണ് തിരുവനന്തപുരത്ത് ആദ്യമായി സർക്കാർ ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചത്.
റോബർട്ട് എന്ന സായിപ്പ് 1821 ന് മുമ്പ് തിരുവനന്തപ്പുരത്ത് ക്രസ്റ്റ്യൻ ഡേവിഡ് എന്ന ഒരു വിദ്യാലയം തുടങ്ങിയെങ്കിലും പിന്നീട് നിർത്തേണ്ടി വന്നു. നാഗർകോവിൽ സെമിനാരിയിൽ റോബർട്ട് ഇംഗ്ലീഷ് പഠിപ്പിക്കുമ്പോഴാണ് സ്വാതിതിരുനാൾ തിരുവനന്തപുരത്ത് ഇംഗ്ലീഷ് വിദ്യാലയം തുടങ്ങാൻ അദ്ദേഹത്തെ ക്ഷണിച്ചത്. 1834 ൽ ഇന്നത്തെ ആയുർവേദ കോളേജിന് സമീപം തുടങ്ങിയ ഈ ഇംഗ്ലീഷ് സ്കൂളാണ് സർക്കാർ മേഖലയിലെ തെക്കേയിന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം.

പിന്നീട് ഇത് വിപുലമായ ഹിസ് ഹൈനസ് ദി രാജാസ് ഫ്രീ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. ഇത് പിന്നീട് വളർന്ന് വലുതായാണ് മഹാരാജാസ് കോളേജായും പിന്നീട് യൂണിവേഴ്സിറ്റി കോളേജായും മാറിയത്. സ്വാതിയുടെ അനുജൻ ഉത്രം തിരുനാൾമഹാരാജാവ്(1846-1860) ആണ് പെൺകുട്ടിക്കൾക്കാദ്യമായി തിരുവനന്തപുരത്ത് ഒരു സ്കൂൾ 1859 ൽ ആരംഭിച്ചത്. ദിവാൻ സർ ടി മാധവറാവു ഈ സ്കൂൾ വിപുലീകരിച്ചു. ആദ്യമാദ്യം ക്രിസ്ത്യൻ പെൺകുട്ടികൾ മാത്രമേ ഇവിടെ പഠിക്കാൻ എത്തിയിരുന്നുള്ളൂ. ഈ സ്കൂളിനെ പിന്നീട് പാളയത്തെ യൂണിവേഴ്സിറ്റി കോളേജിന് എതിർവശമുള്ള മനോഹരമായ കെട്ടിടത്തിലേക്ക് മാറ്റി. ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകൾക്കു പുറമേ സംഗീതം, ചിത്രമെഴുത്ത് എന്നിവയും ഇവിടെ പഠിപ്പിച്ചിരുന്നു.
പിന്നീട് വന്ന രണ്ട് പള്ളിക്കൂടങ്ങളായിരുന്ന കോട്ടയ്ക്കകത്ത് 1864-ൽ സ്ഥാപിച്ച ഫോർട്ട് ഗേൾസ് മിഷൻ സ്കൂളും 1880 ൽ സ്ഥാപിച്ച ഹോളി ഏഞ്ചൽസ് കോൺവെന്റും. സർക്കാർ


പെൺപള്ളിക്കൂടവും വളർന്നുകൊണ്ടിരുന്നു. ഇതാണ് പിന്നീട് ശ്രീ മൂലംതിരുനാൾ മഹാരാജാവിന്റെ കാലത്ത് വഴുതയ്ക്കാട്ടെ വിമൻസ് കോളേജായി മാറിയത്. അപ്പോൾ പെൺപള്ളിക്കൂടം പാളയത്ത് തുടർന്നു. ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ കാലത്ത് ദിവാൻ സർ സി പി രാമസ്വാമി അയ്യരാണ് പെൺപള്ളിക്കൂടം വിഭജിച്ച് നഗരത്തിന്റെ മൂന്നു ഭാഗത്തേയ്ക്ക് മാറ്റാൻ തീരുമാനിച്ചത്.

1942 ൽ നടന്ന ഈ വിഭജനത്തെ തുടർന്ന് പെൺപള്ളിക്കൂടത്തെ ബാർട്ടൻ ഹിൽ ( ആ സ്കൂൾ ഇന്നില്ല ), കോട്ടൻഹിൽ, മണക്കാട് എന്നീ ഗേൾസ് സ്കൂളുകളായി വിഭജിച്ചു. ഇതിൽ മണക്കാട് സ്കൂൾ മഹാരാജാവ് ചിത്തിര തിരുനാളിന്റെ



സഹോദരി കാർത്തിക തിരുനാൾ തമ്പുരാട്ടിയുടെ പേരിൽ അറിയപ്പെട്ടു. പല ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള സ്ഥലമാണ് മണക്കാട്. സ്കൂൾ സ്ഥാപിക്കാൻ തെരഞ്ഞെടുത്ത ഭാഗം കുറ്റിക്കാട് പിടിച്ചതും ഒരു ശ്മശാനം ഉണ്ടായിരുന്നതുമായ സ്ഥലമായിരുന്നുവെന്നാണ് പഴമക്കാരിൽ നിന്നും അറിയുന്നത്. ശ്മശാനം അവിടെ നിന്നും മാറ്റിയ ശേഷം ജൂൺ 12 നാണ് സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചതെന്ന് വിദ്യാഭ്യാസ വകുപ്പിന്റെലേഖനങ്ങളിൽ കാണുന്നു. ദിവാൻ സർ സി പി രാമസ്വാമി അയ്യരാണ് സ്കൂൾ ഉദ്ഘാടനം ചെയ്തത്.
സ്കൂളിന്റെ പ്രഥമ ഹെഡ്മിസ്ട്രസ് "ചാച്ചി ".

ഇൽമുനിസ എസ് എൻ
X B



# ബഷീർ എന്ന സാഹിത്യ വിസ്മയം

'ഞാൻ ഗാന്ധിജിയെ തൊട്ടിട്ടുണ്ട്.'-ഗ്രാമീണ നിഷ്കളങ്കതയോടെ എന്നാൽ തെളിഞ്ഞ ദേശീയ ബോധത്തോടെ ഉറക്കെ വിളിച്ചു പറഞ്ഞ് അഭിമാനിച്ച ഒരു മഹാസാഹിത്യ പ്രതിഭയുടെ ഓർമ്മ പുതുക്കുകയാണ് നാം. 1994 ജൂലൈ അഞ്ചിന് മൺമറഞ്ഞ "വൈക്കം മുഹമ്മദ് ബഷീർ" ആണ് ആ ഭീഷ്മാചാര്യർ.


വിശ്വസാഹിത്യ വേദിയിലേയ്ക്ക് ഭാരതത്തെ കൈപിടിച്ചുയർത്തിയ അപൂർവം സാഹിത്യ ശ്രേഷ്ഠരിൽ ഒരാളായിരുന്നു ബഷീർ. രസകരമായ ഒരു വഴിക്കണക്കിലൂടെ ബഷീർ തന്നെയാണ് അദ്ദേഹത്തിന്റെ ജനനത്തീയതി 1908 ജനവരി 21 എന്ന് തിട്ടപ്പെടുത്തിയത്. ജീവിതത്തെ പച്ചയായി നിരീക്ഷിക്കുകയും ലളിതവും മധുരവുമായ ശൈലിയിലൂടെ അത്

പകർത്തുകയും ചെയ്തു.
ദു:ഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ജീവിതാനുഭവങ്ങും നിർമ്മല ജീവിത വീക്ഷണവും അതിന് അദ്ദേഹത്തെ പ്രാപ്തനാക്കി. ഒരു പക്ഷെ, കഴിവുറ്റൊരു നടനമാത്രം ആടാവുന്ന വേഷങ്ങളിലൂടെ ആരോടും പരിഭവമില്ലാതെ, സ്വയം ശപിക്കാതെ അദ്ദേഹം ജീവിതം കൊണ്ടാടി. പിടിച്ചുനിൽക്കാൻ പല ജോലികളിൽ ഏർപ്പെട്ട് അദ്ദേഹം ജീവിതം ആസ്വദിച്ചു.

തനിക്ക് ആരുമില്ലെന്ന് വിലപിച്ച പട്ടാളക്കാരനോട് നിങ്ങൾക്ക് പൊക്കിൾക്കൊടിയുണ്ടോ എന്നു ചോദിച്ച് വിസ്മയിപ്പിച്ചു ബഷീർ.
പൊക്കിൾക്കൊടിയുണ്ടെങ്കിൽ മാതൃബന്ധമുണ്ടെന്നും അതുണ്ടെങ്കിൽ മറ്റെല്ലാ ബന്ധങ്ങളുണ്ടെന്നും പഠിപ്പിക്കുകയായിരുന്നു അദ്ദേഹം.
മുറ്റത്തെ പൂക്കളിൽ നിന്ന് പുഴക്കളെ പിടിച്ച് ചവിട്ടി ഞെരിക്കുന്ന മകളോട് തട്ടിക്കയറുമായിരുന്നു ബഷീർ. ഉറുമ്പിനെയും തവളയെയും പാമ്പിനെയും പരുന്തിനെയും നോവിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. ഭൂമിയിൽ സർവചരാചരങ്ങൾക്കുംഅവകാശമുണ്ടെന്നപക്ഷക്കാരനായിരുന്നു ഈ കറകളഞ്ഞ പ്രകൃതിസ്നേഹി.
ജന്മദിനം, വിശ്വവിഖ്യാതമായ മൂക്ക്, ആനപ്പൂട, ശിങ്കിടിമുങ്കൻ, യാ ഇലാഹി തുടങ്ങിയ കഥാ സമാഹാരങ്ങൾ,
ബാല്യകാല സഖി, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, പാത്തുമ്മയുടെ ആട് തുടങ്ങിയ നോവലുകൾ, മുച്ചീട്ടുക്കളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും എന്നീ തുടർക്കഥൾ, നാടകം, ഗദ്യകവിതകൾ, ഓർമ്മയുടെ അറകൾ എന്ന ആത്മകഥകൾ തുടങ്ങി സാഹിത്യത്തിൽ ബഷീർ കൈവയ്ക്കാത്ത ശാഖകളില്ല.

നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ ഒരു മതത്തിലും വളർത്തണ്ട. അവരങ്ങനെ നിർമതരായി വളരട്ടെയെന്ന് എഴുതിയ ബഷീറിന്റെ മതേതര കാഴ്ചപ്പാട് മഹത്തരമാണ്.

അച്ചടി ഭാഷകൾക്കപ്പുറം മനസ്സിന്റെ ഭാഷയിലാണ് അദ്ദേഹം എഴുതിയത്. ആ ഭാഷാശൈലി പിൽക്കാലത്ത് മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാവുകയും ചെയ്തു.സാഹിത്യ ലോകത്ത് 'ഇമ്മിണി വല്യ ഒന്നാ' യി ബഷീർ ഇന്നും വാഴുന്നത് അതുകൊണ്ട്തന്നെ.നിരവധി പ്രധാന ബഹുമതികളും അദ്ദേഹത്തെ തേടിയെത്തി.മാങ്കോസ്റ്റിൻ മരച്ചുവട്ടിൽ പഴയ ഗ്രാമഫോണിൽനിന്നുള്ള സൈഗാളിന്റെ പാട്ടിൽ മുഴുകി, മുഴുക്കഷണ്ടി തടവി, കനത്ത മുറിമീശ തലോടി, തടിച്ച കണ്ണടയുമായി



കസേരയിലിരിക്കുന്ന ബഷീറിന്റെ ചിത്രം കാലമെത്ര കടന്നുപോയാലും വിസ്മരിക്കാനാവില്ല. ചില നക്ഷത്രങ്ങൾ നശിച്ചാലും നൂറുക്കണക്കിന് വർഷങ്ങൾ വരെ അവയുടെ പ്രകാശം ഭൂമിയിൽ എത്തുമെന്ന് വാനനിരീക്ഷകർ പറയുന്നുണ്ട്. വൈക്കം മുഹമ്മദ് ബഷീർ അത്തരത്തിലൊരു ഉജ്ജ്വല നക്ഷത്രമാണ്.

Smt.Sushama, HST




# മാർഗ്ഗദീപം

ഗുരുവാം മാർഗ്ഗദീപം
പകർന്നീടും ജ്ഞാനം
തമസ്സിൽ വെളിച്ചമായ്
നിൻ പാത തെളിക്കട്ടെ!
ഗുരുവിൻ ഉപദേശം
ക്ഷമയോടുൾക്കൊണ്ട്
നിൻ ഹൃത്തൊരു
കെടാവിളക്കായ് തീരട്ടെ!

ഗുരുവാം ശില്പിതൻ
കരങ്ങളാൽ മെനഞ്ഞീടും
ഒരു നല്ല ശിഷ്യനായ്
ഗുരുദക്ഷിണ നൽകിടട്ടേ!

Ajith Kumar S S,HSST



# നെല്ല് ധാന്യങ്ങളുടെ രാജാവ്

കേരളീയരുടെ പ്രിയ ഭക്ഷണമേതെന്ന ചോദിച്ചാൽ നമുക്കെല്ലാം പറയുവാൻ ഒറ്റ മറുപടിയേയുള്ളൂ.അരിയും അരിയുൽപ്പന്നങ്ങളും. പക്ഷെ മലയാളികളുടെ പ്രിയപ്പെട്ട ഭക്ഷണധാന്യമായ നെല്ലിനും നമ്മുടെ കാർഷിക പൈതൃകത്തിനും ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ സ്ഥിതിവിശേഷം നമുക്ക്സുപരിചിതമാണല്ലോ? നമുക്ക് മാത്രം സ്വന്തമായിരുന്ന ഒട്ടേറെ നെല്ലിനങ്ങൾ. കൃഷിയിനങ്ങൾ, കൃഷിരീതികൾ, കൃഷിപ്പാട്ടുകൾ, വിശ്വസങ്ങൾ, കഥകൾ, കലകൾ,തുടങ്ങി നെല്ലും നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ട വികസിച്ചതാണ് നമ്മുടെ കാർഷിക സംസ്കാരം. നിറയെ നെല്ലണിഞ്ഞ നെൽപ്പാടങ്ങൾ നമ്മുടെ നാട്ടിൽ അസ്തമിച്ചു വരികയാണെങ്കിലും മലയാളികളുടെ പ്രധാന ആഹാരം അന്നും ഇന്നും നെല്ലുതന്നെ. ലോകത്തിൽ ഏറ്റവുമധികം ആളുകളുടെ മുഖ്യ ഭക്ഷണമായ നെല്ല് ധാന്യങ്ങളുടെ രാജാവ് എന്നാണ് അറിയപ്പെടുന്നത്. അരിയായും പൊരിയായും മലരായും അവലായും നെല്ല് നമ്മുടെ മുന്നിലെത്തുന്നു. വൈക്കോലും പതിരും തവിടും കന്നുകാലികളുടെ പ്രിയ ഭക്ഷണമാണ് എന്നതിൽ മാത്രമല്ല, ആചാരത്തിലും ഔഷധത്തിലും നെല്ലിന് വലിയ സ്ഥാനമുണ്ട് നെല്ലിൻെറ ശാസ്ത്രിയ നാമം: **ഒറീസ സാറ്റൈവ,** കുടുംബം: **പൊായേസിയെ**

അരിയിലെ വിറ്റാമിനുകൾ

| **വിറ്റാമിനുകൾ** | **തവിടുകളയാത്ത അരി** | **തവിടു കളഞ്ഞ അരി** |
|---|---|---|
| **തയാമിൻ** | **21.3 mg** | **22 mg** |
| **നിയാസിൻ** | **409.6 mg** | **3.8 mg** |
| **റൈബോഫ്ലവിൻ** | **6.8 mg** | **2.3 mg** |
| **പടോഫനിക് ആസിഡ്** | **71.3 mg** | **ഇല്ല** |

കേരളത്തിലെ ഏറ്റവും വിലമതിക്കാനാകാത്ത പൈതൃക സമ്പത്താണ് പ്രകൃതി. കുന്നുകളും മലകളും വൻകാടുകളും കടൽത്തീരങ്ങളും പുഴകളും ഇതിനു മാറ്റു കൂട്ടുന്നു.കിഴക്കു സഹ്യനും പടിഞ്ഞാറു അറബിക്കടലിനും മദ്ധ്യേ നിരന്നു കിടക്കുന്ന നമ്മുടെ കേരളം. ഈ പ്രദേശങ്ങളിൽ ഹരിതവർണ്ണ ശോഭയണിഞ്ഞു

കണ്ണെത്താദൂരത്ത് പരന്ന കിടന്നിരുന്ന നെൽ വയലുകൾ ഒരുത്സവക്കാഴ്ചയായിരുന്നു. കുന്നുകളുംമലകളും സമതലങ്ങളും വൈവിധ്യമാർന്ന സസ്യജാലങ്ങളാൽ നിറഞ്ഞു നിന്നിരുന്നു. സസ്യങ്ങൾ മണ്ണിൽ നിറഞ്ഞു നിന്നപ്പോൾ മഴയും പുഴയും സമൃദ്ധമായിരുന്നു. ഭൂമിയുടെ നിമ്നോന്നത സ്വഭാവം മൂലം മഴവെള്ളം താണ പ്രദേശത്തിൽ ചെന്ന് കെട്ടികിടന്ന ഭൂമിയിൽ ഉറവകൾ കുളങ്ങളും ചെറു ജലാശയങ്ങളും നിലനിർത്തി വന്നു.ബി.സി 272 ൽ കേരളത്തിൽ ബുദ്ധമത സന്യാസിമാരാണ് കാർഷിക വിദ്യ പ്രചരിപ്പിച്ചതായും ചരിത്രം പറയുന്നു. മണ്ണിനെ നോവിക്കാതെ മറ്റു സസ്യങ്ങളെ നിഗ്രഹിക്കാതെ പ്രകൃതി നിയമം ധിക്കരിക്കാതെ നൂറ്റാണ്ടുകളായുള്ള തങ്ങളുടെ ആർജിത അറിവുകൾ പ്രയോജനപ്പെടുത്തി ഒരു ഭക്ഷ്യോത്പാദനവ്യവസ്ഥയ്ക്ക് തുടക്കമിടുകയാണ് ഇവർ ചെയ്തത്. കൃത്രിമ വളപ്രയോഗമോ കീടനാശിനികളോ ഒന്നുംനിലവിലുണ്ടായിരുന്നില്ല. ഈ കാലഘട്ടത്തിലെ കൃഷി സമ്പ്രാദായത്തെക്കുറിച്ച് രചിച്ച കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പ്രകൃതിയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു. ആധുനിക പ്രകൃതിക്കൃഷിയുടെ വക്താവായ തെക്കൻ ജപ്പാനിലെ ഷിക്കോക്ക് ദ്വീപിലെ മസനോബു ഫുക്കുവോക്ക പറയുന്നു. കൃഷിവിജയം കൃഷിയിലെ മാനുഷിക ഇടപെടൽ പരമാവധി ഒഴിവാക്കുന്നതു വഴിയാണ്.' 1975 ൽ ഇദ്ദേഹം പ്രസിദ്ധീകരിച്ച "ഒറ്റവയ്ക്കോൽ വിപ്ലവം" കൃഷിയിലെ മാനുഷിക ഇടപെടലിന്റെ ദോഷഫലങ്ങൾ വ്യക്തമാക്കുന്നു. ഫുക്കുവോക്കയുടെ ഈ അനുഭവസാക്ഷ്യം ക്രിസ്തുവിന് മുമ്പ് തന്നെബുദ്ധമതാനുയായികളായ പ്രാചീനകേരളത്തിലെ കൃഷിക്കാർ പ്രാവർത്തികമാക്കിയിരുന്നു. പ്രാചീനമായ ഒരു ഗോത്രസംസ്കാരം നമുക്ക് നിലവിലുണ്ടായിരുന്നു. നമ്മുടെ ആദിവാസികളിൽ പല വിഭാഗത്തിനും അവരുടേതായ ഒരു കാർഷിക സംസ്കാരം സ്വന്തമായുണ്ട്.മണ്ണിനെനോവിക്കാതെ കൃഷി ചെയ്യുക എന്നതാണ് അവരുടെ രീതി. വയനാട്ടിൽ ഇന്നും ഈ രീതിയാണ് നിലവിലിരുന്നത്. കന്നി മാസത്തെ മകം നാളാണ് അരിയുടെ ജന്മ നാൾ. തെക്കൻ തിരുവിതാംകൂറിൽ സ്വന്തമായി കൃഷിയുള്ളവർ അര നൂറ്റാണ്ടു മുമ്പുതന്നെ ഇത് പതിവായി ആഘോഷിച്ചിരുന്നു.ഈ ആഘോഷത്തിന് സാക്ഷ്യം വഹിച്ചിരുന്നവർക്ക് ഇപ്പോഴും അത് മധുര സ്മരണയാണ്. തെക്കൻ തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന ഈ ഉത്സവത്തിന് തിരുവോണത്തിനന്റെ യത്ര പ്രാധാന്യം ലഭിച്ചിരുന്നു. അന്നേ ദിവസം ആരുംതന്നെ നെല്ല്പുഴുങ്ങുകയോ വയൽ ഉഴുകുകയോനെല്ല്കുത്തുകയോചെയ്യുകയില്ല.

**നാടൻ വിത്തിനങ്ങൾ**

പണ്ട് നാട്ടിൽ നിലവിലുണ്ടായിരുന്ന നാടൻ വിത്തിനങ്ങളാണ് ചെന്നെല്ല്

കരിഞ്ചനെല്ല് ആനക്കൊമ്പൻ കൊളവാഴ ഉഴുതുവിരട്ടി തുടങ്ങിയവ കേരളത്തിൽ സുഗന്ധവ്യഞ്ജന നെല്ലിനങ്ങളും വ്യപകമായി കൃഷി ചെയ്തിരുന്നു. അവയിൽ ചിലരാണ് ബസുമതി ജീരകശാല ഗന്ധകശാല കൊത്തബാലരി തുടങ്ങിയവ. അഷ്ടാംഗഹൃദയം സുശ്രുത സംഗീത തുടങ്ങിയ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്ന ഔഷധ നെല്ലായ നവര നെല്ല് കേരളത്തിന്റെ സ്വന്തമാണ്. 17%ലധികം പ്രോട്ടീനുകളും 20%ലധികം നാരുകളും അടങ്ങിയതാണ് നവര. ഔഷധ ഗുണമുള്ള നാടൻ നെല്ലിനമാണ് നവര. വാതം,പ്രമേയം, അർബുദം, പാമ്പുവിഷത്തിനും വരെ ഈ നെല്ലരി ഉപയോഗിക്കുന്നു. കർക്കിടക മാസത്തിൽ കഴിക്കുന്ന മരുന്നു കഞ്ഞിക്കു നവര നിർബന്ധമാണ്.ചെന്നെല്ല് ആമാശയത്തിനെയും കരളിനെയും ബാധിക്കുന്ന രോഗങ്ങൾക്ക് ഫലപ്രദമാണ്. കുഞ്ഞിനെല്ല് ബുദ്ധിവികാസത്തിനും രോഗപ്രതിരോധത്തിനും വളരെ നല്ലതാണ്

**പൊക്കാളി**


ഒരാളോളം പൊക്കത്തിൽ വളരുന്ന ലവണ പ്രതിരോധ ശേഷിയുള്ള ഒരിനം നെല്ലാണ് പൊക്കാളി. പൊക്കത്തിൽ ആളി നിൽക്കുന്നതുകൊണ്ടാണ് ഈ പേരു വന്നത്.ലവണാംശമുള്ള മണ്ണിൽ വളരാനും വിളയാനും കഴിയുന്ന പൊക്കാളി നെല്ലിന് അമ്ലത ചെറുക്കുവാനും വെള്ളക്കെട്ടും അതിജീവിക്കാൻ കഴിവുണ്ട്.മഴക്കാലത്ത് വെള്ളത്തിൽ മൂടികിടന്നാലും ഈ നെൽച്ചെടി ചീഞ്ഞു പോകില്ല. വെള്ളം വാർന്നുപോകുന്നതോടെ പഴയ കരുത്തോടെ ഉയർന്നു നിൽക്കും. തൃശ്ശൂർ ജില്ലയിലേയും മലപ്പുറം ജില്ലയിലേയും കോൾപ്പാടങ്ങളിൽ ഈ കൃഷി വ്യാപകമായി ചെയ്യ്തുവന്നിരുന്നു. കണ്ണൂർ ജില്ലയിലെ ഓരു പ്രദേശങ്ങളായ വളപട്ടണം, പുഴയുടെ തീരപ്രദേശങ്ങൾ,പഴയങ്ങാടി പ്രദേശം, തുരുത്തി പ്രദേശം , എന്നിവിടങ്ങളിൽ ഈ കൃഷി ചെയ്തുവന്നിരുന്നു. എറണാകുളം ജില്ലയുടെ വൈപ്പിൻ ദ്വീപിന്റെ ചെറായി ഭാഗങ്ങളിൽ ഇന്നും പൊക്കാളി കൃഷി വ്യാപകമായണ്. ഈ ഇനം നെല്ലുപയോഗിച്ച് ചെയ്യുന്ന കൃഷിരീതിക്കും വിതയ്ക്കുന്ന വിത്തിനും കൃഷി നിലത്തിനും പൊക്കാളി എന്നാണ് പേര്. വയലുകൾ പാർപ്പിടങ്ങളായി മാറുമ്പോൾ നമുക്ക് നഷ്ടമാകുന്നത് നെല്ലും വയലും



കൃഷിയും മാത്രമല്ല സമൃദ്ധമായ ആവാസവ്യവസ്ഥകൾ കൂടിയാണ്. അടയ്ക്കാമണികൾ, വയൽ ചുള്ളി, മുത്തങ്ങ, കവിട്ട, മങ്ങു, കൊടങ്ങൽ, തഴുതാമ, പൊട്ടൻതകര തുടങ്ങിയവ അത്യപൂർവസസ്യങ്ങൾവയലോരങ്ങളിലാണ് കണ്ടുവരുന്നത്. ആയുർവേദത്തിലെ ദശപുഷ്പങ്ങളിലൊന്നായ കറുകയും ഔഷധമായുപയേഗിക്കുന്ന കുമ്മാട്ടിയും പാടവരമ്പത്തെ ഒരു അപൂർവ

കാഴ്ചയാണ്. നമ്മുടെ നാടിന്റെ സംസ്കാരിക പൈതൃകം നിലനിർത്തുന്നതിൽ ഏറെ പങ്കുവഹിച്ച നമ്മുടെ നെൽപ്പാടങ്ങളെ കണ്ടില്ലെന്നു നടിക്കാനാവില്ല.

## ആർഷന.എസ്




നമ്മുടെ ഇന്ത്യയിൽ നരക തുല്യമായ വേദനകൾ അനുഭവിക്കുന്നത് സ്ത്രീകളാണ്. പെണ്ണിനെ നശിപ്പിക്കാൻ ആർത്തിയോടെ കാത്തുനിൽക്കുകയാണ് ഇന്നത്തെ സമൂഹം ഈ സമൂഹത്തിൽ സ്ത്രീകളാണ് ഏറ്റവും അധികം പീഡനങ്ങൾ അനുഭവിക്കുന്നത്. ഒരു ദിവസത്തെ പത്രമെടുത്ത് നോക്കിയാൽ തന്നെ ധാരാളം പീഡനങ്ങളും ക്രൂരകൃത്യങ്ങളും കാണാൻ കഴിയും. സ്ത്രീകൾക്ക് ബസ്സിൽ രക്ഷയില്ല,ട്രയിനിൽ രക്ഷയില്ല, പെരുവഴിയിൽ രക്ഷയില്ല, സ്വന്തം വീട്ടിൽ പോലും രക്ഷയില്ലാത്ത പതിനായിരക്കണക്കിന് സ്ത്രീകളാണ് ഇന്നുള്ളത്.അന്യർ മാത്രമല്ല അച്ഛൻ, മുത്തച്ഛൻ, സഹോദരങ്ങളും സ്വന്തം അമ്മാവൻ കൂടി പെൺ മക്കളെ വിറ്റു തുടങ്ങി.പെൺ കുട്ടികൾ , യുവതികൾ, അമ്മമാർ എന്നിവർ ദൈവത്തെ വിളിച്ച് നിലവിളിക്കുന്നു.മനുഷ്യർ പണത്തിന് വേണ്ടി പിന്നാലെ അലയുന്നു. സ്ത്രീയായി പിറന്നതിന് ഇത്രയും വേദന അനുഭവിക്കണോ??? സ്ത്രീയെ കേവലമൊരു വസ്തുവായി കാണുകയാണ്. സ്ത്രീയെന്ന ഐശ്വര്യത്തെ നശിപ്പിക്കുകയാണ്. മനുഷ്യർ പീഡനമെന്ന വാക്ക് നിത്യേന ജീവിതത്തിൽ കേൾക്കുക പതിവായി. മനുഷ്യ മനസ്സിനെ ഞെട്ടിക്കുന്ന നിരവധി സംഭവങ്ങൾ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നു. അതിനെതിരെ നാം പോരാടണം. ഇനി ഇത്തരം സംഭവങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാകരുതെന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം. നമുക്ക് അതിനു വേണ്ടി പരിശ്രമിക്കാം.

Meenambika devi, HST



# ഹൃദയം

ഹൃദയത്തിൻ നിറം ചുവപ്പ് !
എന്ന് ആരു പറഞ്ഞു ?
കടുത്ത പാപക്കറയിൽ മുങ്ങുമ്പോൾ
അതിൻ നിറം കറുപ്പല്ലേ ?
വേദനയും മോഹഭംഗങ്ങളും നിറയുമ്പോൾ
അതു കരിവാളിക്കില്ലേ ?
സ്വപ്നങ്ങളും മോഹവേശങ്ങളും
ചിലപ്പോൾ ചുവപ്പാക്കിയേക്കാം.
നന്മയുടെയും സ്നേഹത്തിന്റെയും നനുത്ത
സ്പർശം, സൗവർണ്ണരാശി പുരട്ടിയേക്കാം.
അപ്പോൾപിന്നെ നിറത്തിനെന്തു പ്രസക്തി ?



Danya P

# മദർ തെരേസ (ഇന്ത്യ 1979)

യുഗോസ്ലാവയുടെ ഭാഗമായിരുന്ന മാസിഡോണിയുടെ തലസ്ഥനമായ സ്കോപ്ജയിൽ പിറന്ന് ഇന്ത്യപ്രവർത്തന കേന്ദ്രമാക്കി ലോകശ്രദ്ധ നേടിയ സന്യാസിനിയായിരുന്ന മദർ തെരേസ (യഥാർത്ഥ പേര് ആഗ്നസ് ഗോംസ് ബൊയാസ്ക്യൂ) മിഷനറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്ക സന്യാസിനി സഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടേയും അനാഥരുടേയും രോഗികളുടേയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയെ 1979-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നൽകി ആദരിച്ചു. ജന്മം കൊണ്ട് ആൽബേനിയനും പൗരത്വം കൊണ്ട് ഇന്ത്യനും ജീവിതം കൊണ്ട് കത്തോലിക്ക സന്യാസിനിയുമാണ് മദർ തെരേസ. അശരണർക്കും അഗതിക്കൾക്കും വേണ്ടി ആയുസ് മാറ്റി വെച്ച മദർ തെരേസയെ 2016 സെപ്റ്റംബർ 4-ന് വിശുദ്ധയായി പ്രഖ്യാപിച്ചു. സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ നടന്ന ചടങ്ങിൽ ഫ്രാൻസിസ് മാർപാപ്പയാണ് പ്രഖ്യാപനം നടക്കിയത്.



**Sangamithra M H**

# എസ് പി സിയിൽ വന്നപ്പോൾ എനിക്കുണ്ടായ മാറ്റങ്ങൾ

എസ് പി സിയിൽ വന്നതിനുശേഷം സമയപരിധിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എനിക്കുണ്ടായി. എസ് പി സിയിൽ വന്നതിനു ശേഷം ഒരുപാട് മാറ്റങ്ങൾ എന്നിലുണ്ടായി. ഒരു കൗതുകത്തിന് ചേർന്നതാണെങ്കിലും എസ് പി സിയിലെ മഹത്തരമായ കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ബോധവൽക്കരണ ക്ലാസുകൾ എസ് പി സിയിൽ നിന്നും ലഭിച്ചു. അതിലൂടെ ഒരുപാട് കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. എസ് പി സി യൂണിഫോം ഇട്ട് പുറത്തേക്കു പോകുമ്പോൾ ഒരു വല്ലാത്ത ആത്മവിശ്വാസം തോന്നാറുണ്ട്. പേടി തോന്നുന്നില്ല. ആദ്യമൊക്കെ എനിക്ക് വല്ലാതെ പേടിയുണ്ടായിരുന്നു. പക്ഷെ എസ് പി സിയിൽ വന്നതിനു ശേഷം എനിക്ക് ഒരുപാട് ധൈര്യമുണ്ടായിട്ടുണ്ട്.

ട്രാഫിക്ക് നിയമങ്ങൾ പഠിക്കാൻ കഴിഞ്ഞു. അതിനു ശേഷം റോഡിലേക്കിറങ്ങുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണമെന്ന് ഞാൻ പഠിച്ചു. അതെല്ലാം ഞാൻ എൻെറ മാതാപിതാക്കൾക്കും മുതിർന്നവർക്കും പറഞ്ഞു കൊടുത്തു. ഞാൻ അച്ചടക്കം എന്താണെന്നറിഞ്ഞത് എസ് പി സിയിൽ നിന്നാണ്. ഞാൻ എല്ലാവരെയും ബഹുമാനിക്കാൻ തുടങ്ങി. എനിക്ക് ഏതു കാര്യത്തിലും ഒരു അടുക്കും ചിട്ടയും വന്നു. പെർഫെക്ട് ആയി ഇരിക്കാൻ വേണ്ട ക്വാളിറ്റീസ് എന്തൊക്കെയാണെന്ന് എനിക്കതിൽ നിന്നാണ് മനസ്സിലായത്.

എസ് പി സിയിൽ കഴിഞ്ഞു ഞാൻ മാറുമ്പോഴും ഒരു എസ് പി സി സ്റ്റുഡൻറ് ആയിരുന്നു എന്നതിൽ ഞാൻ അഭിമാനിക്കും. ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ് എസ് പി സിയിൽ നിന്നും ലഭിച്ചത്.



**Sajna S M, 7 B**



## കടങ്കഥകൾ

1. അകം എല്ലും തോലും പുറം പൊന്തം പൊന്തം

   *** വൈക്കോൽത്തുറു**

2. അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി

   *** മുഖം**

3. അകത്തേക്കു പോകുമ്പോൾ പച്ച പുറത്തേക്കു വരുമ്പോൾ ചുവപ്പ്

   *** വെറ്റില മുറുക്കി തുപ്പുന്നത്**

4. അകന്നു നിന്ന് നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും

   *** ക്യാമറ**

5. അകത്തു രോമം പുറത്തിറച്ചി

   *** മൂക്ക്**

6. അകമില്ല പുറമില്ല ഞെട്ടില്ല വട്ടയിലെ

   *** പപ്പടം**

7. അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു

   *** കുരുമുളക്**

8. അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല

   *** ചുണ്ണാമ്പ്**

**Sajna S M**



# Playing In the Garden

I love to play in my Garden
on a bright , sunny day
I jump and hop, and skip and run
With the squirrels so happy and gays
The birds love to see me play
And they come down to peer
But when my ball bounces their
**Way, they fly away in fear!**

Suresh,FTM

# ഈശ്വരൻ അനുഗ്രഹിക്കട്ടെ.....

എല്ലാവർക്കും നമസ്കാരം,

ജീവിതത്തിൽ പലർക്കും പല അനുഭവങ്ങൾ ഉണ്ട്. എന്നാൽ സ്വന്തം അനുഭവമാണ് ഏറ്റവും വലുത്. ഓരോ അനുഭവങ്ങളും കയ്പ്പും, മധുരവും,നിറഞ്ഞതാണ്. നാം സ്വന്തം വേദന സാധാരണ മനുഷ്യനോട് പറഞ്ഞാൽ നമ്മുടെ വേദന പൂർണ്ണമായും മാറില്ല. ഈശ്വരനോട് പയുന്നത് വളരെയേറെ ആശ്വാസവും സന്തോഷവും സമാധാനവും കിട്ടുന്നതാണ്. നമ്മുടെ ജീവിതത്തിലെ വഴികാട്ടി സ്വന്തം അനുഭവങ്ങളാണ്. ഓരോ അനുഭവങ്ങളും ജീവിതത്തിൻെറ മുന്നോട്ടുള്ള ചവിട്ടു പടിയാണ്. ഓരോ മിനിട്ടും വിലപ്പെട്ടതാണ്. ഇതറിയുന്നവർ ഈശ്വരനെ അറിയാൻ കാരണമാകുന്നു. ഭക്തിഗീതങ്ങൾ



ഗീതോപദേശത്തിൽ ഭഗവാൻ ശ്രീ കൃഷ്ണൻ അർജ്ജുനനെ നോക്കി ഇങ്ങനെ പറഞ്ഞു. ഈ ലോകത്തിൽ കാണുന്ന ഓരോ അണുവിലും എൻെറ ചൈതന്യം അടങ്ങിയിരിക്കുന്നു. ഇത് അറിയുന്നവർക്ക് വിശ്വസിക്കുന്നവർക്കും എൻെറ അനുഗ്രഹം പൂർണ്ണമായി ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് എല്ലാവരും നമ്മുടെ ദു:ഖം, വേദന, സന്തോഷം അതു മാത്രമല്ല നാം ചെയ്യുന്ന ഓരോ പ്രവർത്തിയും ഈശ്വരനെ സാക്ഷിനിർത്തി ചെയ്താൽ നമ്മുടെ ജീവിതം സന്തോഷവും ശാന്തിയും നിറഞ്ഞത് ആയിരിക്കും . ഈശ്വരൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.........



***AMINA N***
***IX A***

# അമ്മ

ജീവിതം  നൽകിയൊരമ്മ
എൻെറ വീട്ടിലെ ഗുരുനാഥയമ്മ
സ്നേഹത്തിൻെറ പുഴയാണമ്മ
എൻെറ ജീവന്റെ ജീവനാം അമ്മ
എന്നുമെൻ തുണയായി നിൽക്കും അമ്മ
നേർവഴി കാട്ടിതരുമെൻ അമ്മ
എൻ അമ്മയാണെന്നുമെൻ ജീവൻ
എൻെറ ജീവൻെറ സത്യമാണെന്നുമെൻ അമ്മ



# നമ്മുടെ മാലിന്യം ആര് ചുമക്കണം

Gowri suresh

ഭൂമിചെറുതുണ്ടുഭൂമികളിൽ പരിമിത സൗകര്യങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് മാലിന്യസംസ്കരണത്തിന് സംവിധാനമില്ല. അടുക്കളയിലെയും വീടിൻെറ ചുറ്റുപാടിലെയും മാലിന്യം തടഞ്ഞു കൂട്ടി പ്ലാസ്റ്റിക് സഞ്ചികളിലാക്കി കാത്തിരിക്കുകയാണ്.

പ്രഭാതസവാരിക്കിടയിലോ ആഫീസിലേക്കുള്ള യാത്രക്കിടയിലോ നമ്മുടെ മാലിന്യം അയൽവാസികളുടെ പുരയിടത്തിലോ റോഡരികിലോ നിക്ഷേപിക്കും. നഗര മാലിന്യ നിക്ഷേപത്തിന് നഗരപ്രാന്തങ്ങളിലെ ഗ്രമങ്ങളിലോ സമീപ പഞ്ചായത്തുകളിലോ സ്ഥലം കണ്ടെത്തി തള്ളുകയായിരുന്ന പതിവ്. വിളപ്പിൽ ശാല ഉൾപ്പെടയുള്ള മാലിന്യ നിക്ഷേപസൗകര്യങ്ങളോ സംസ്കരണസംവിധാനങ്ങളോ ശാശ്വത പരിഹാരമല്ല. എല്ലാ തദ്ദേശസ്വയംഭരണ  സ്ഥാപനങ്ങളും മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിനാവശ്യമായ സ്ഥലം

എവിടെ ലഭിക്കും? എവിടെ സ്ഥാപിച്ചാലും ജനങ്ങൾ എതിർക്കുന്ന നിലയാണിന്ന്.

നമ്മുടെ മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം കാർഷികമേഖലയുമായി ബന്ധപ്പെട്ടാണ്. പണ്ട് നിലന്നിരുന്നത് കമ്പോസ്റ്റ് കുഴി ഉൾപ്പെടെയുള്ള എന്തെല്ലാം രീതികൾ മുൻപ് പരിചിതമായിരുന്നു. അതെല്ലാം വെടിഞ്ഞ് മറ്റാരുടെയോ തലയിൽ കെട്ടിവെയ്യ്ക്കാൻ മാലിന്യം കൂട്ടിവയ്ക്കുന്ന ജീവിത ശൈലിയാണിത്. ഓരോ കുടുംബവും അവരവരുടെ മാലിന്യം സംസ്കരിക്കുന്ന നില കൈവരിക്കാതെ വലിയ പ്ലാൻറുകൾ നിർമ്മിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് തീരുമാനിക്കുന്നത് മൂഢത്വമാണ്

പാരിസ്ഥിക മലിനീകരണം എറിയത് 18-ാം നൂറ്റാണ്ട് മുതലാണ്. കൃത്യമായി പറഞ്ഞാൽ വ്യവസായിക വിപ്ലവത്തിനു ശേഷമാണ്. മുതലാളിത്ത വളർച്ച ലോകത്തിന് പുരോഗതിയുടെ പുതിയ ചുവടുകൾ നൽകി.ഭാവനയിൽ പോലും കാണാതിരുന്ന ജീവിത സൗകര്യങ്ങളാണ് മനുഷ്യൻ നേടിയത്. മനുഷ്യൻെറ ഭാവി ജീവിതത്തെ സങ്കൽപ്പിച്ചു നോക്കൂ.......നമ്മുടെ കൈവശമുള്ള റേഷൻ കാർഡുകളുമായി ഒരിറ്റ് ശുദ്ധവായുവിനായി നാം ക്യൂ നിൽക്കുന്ന ഭാവിയെ പറ്റി എങ്ങനെയാണ് ചിന്തിക്കാൻ പറ്റുന്നത്.......???



Meenambika Devi, HST



# നീർക്കുമിള

ആകാശത്തിൻ അറകൾ തകർത്ത്
ഭൂമിയിലേക്ക് ആഴ്ന്നിറങ്ങിയ മഴനാരുകൾ
അവളെ ചുംബിച്ചപ്പോൾ ഉണ്ടായ
പുളകിത പുഷ്പങ്ങളത്രേ നീർക്കുമിളകൾ!
അവയുടെ ആയുസ്സും നശ്വരം!
മനുഷ്യജീവിതം പോലെ!!
പ്രേമവും പുളകവും ജീവിതവും
നശ്വരം തന്നെയല്ലേ?




Arathy M Nair

# ബാല്യം

പുസ്തകങ്ങളുടെ ലോകത്ത്
പാറിപ്പറക്കേണ്ട ബാല്യം
കളിച്ച് രസിച്ച് ക്ഷീണിക്കേണ്ട ബാല്യം
പുഞ്ചിരിയുണർത്തുന്ന ഓർമ്മയാകേണ്ട ബാല്യം
പക്ഷെ ,വേദനയാണെനിക്കെന്നും
കല്ലെടുക്കും തുമ്പിയായിരുന്നു ബാല്യം

Reshma Suresh



# നിന്നെയും കാത്ത്

കണ്ണാ  കണ്ണാ എൻ കൃഷ്ണ
ഗുരുവായൂരിൽ  വാഴുമപ്പാ
ലോകം മുഴുവൻ കാക്കും നീയല്ലോ.
കാളിയ മർദ്ധനം ആടുമ്പോൾ
ലോകത്തെ നീ കാക്കുമ്പോൾ
ഇനിയും ഇനിയും എത്താത്തതെന്തേ
ഇടിയും മഴയും എത്തുമ്പോൾ
പാവം പൈയ്ക്കൾ കരയുമ്പോൾ
പേടിയകറ്റാൻ എത്തില്ലേ കണ്ണാ
മാവും പ്ലാവും പൂക്കുമ്പോൾ
ഇടിയും മഴയും മാറുമ്പോൾ
കൂടെ കളിക്കാൻ എത്തില്ലേ കണ്ണാ
കണ്ണാ കണ്ണാ നിന്നെ കാണാൻ
ആയിരങ്ങൾ കൊതിക്കുമ്പോൾ
ഇന്നയും ഇനിയും എത്തില്ലേ കണ്ണാ......




Afsana M Rahman

# Animals for a medical research

Man is the most intelligent animal created by the almighty but unfortunately he has used his intelligence to exploit and for his own selfish needs. Today medical science has grown immensely. Through researches and experiments medical science has found remedial measures for every illness. Cells of animals and man are similar but the chromosomes and genes tend to differ. Many drugs and medicines are first tested on animals like guinea pigs squirrels etc......before it is given to men.


Animals subjected to all these in human experiments and researches in the name of live and human diseases should stop. Life animal experimentation is unnecessary, unacceptable and very barbaric. Rights of animal are to be respected, schools and collages should stop dissection of frogs, fishes and author creatures. Remedial measures-laboratories should developed alternative methods and procedures to replace the experimentation of animals. Animals testing is to be made punishable. Public should stop buying products from a company which use animals for product testing. Man has no right to take away animal lives for their advantages.

Amritha S




രാവിലെ എന്നെ തഴുകി ഉണർത്തിയത് അർക്കകിരണങ്ങളാണ്. കണ്ണുതുറക്കുമ്പോൾ കേട്ടത് മധുരമായ കിളിനാദം. കുയിലുകൾ സംഗീതം പൊഴിക്കുന്നു. ഇണക്കുരുവികൾ  സംസാരിക്കും പോലെ തമ്മിൽ തമ്മിൽ ചിലക്കുന്നു. പിന്നെ എന്നെ ഇതിലും ആകർഷിച്ചത് അന്തരീക്ഷത്തിൽ പൂക്കളുടെ സൗരഭ്യം കലർന്ന ശുദ്ധവായുവാണ്.അത് എന്നെ തൊട്ടുതലോടി. ആ സൗരഭ്യം എന്നെ  എന്റെ വാടിയിലേക്കു നയിച്ചു. അങ്ങനെ വാടിയിലേക്കു പോകുന്ന വഴി
ഞാൻ ഒരു കാഴ്ച കണ്ടു, എന്തെന്നാൽ ഒരു ചിലന്തിവല, അതിൽ മഞ്ഞുതുള്ളികൾ വീണു കിടക്കുന്നു. അതിൽ സൂര്യകിരണങ്ങൾ വന്നടിച്ചപ്പോൾ ഏഴു വർണ്ണങ്ങൾ തിളങ്ങി നിൽക്കുന്ന മഴവില്ല് പോലെ എന്തു ചന്തം. അത് കാണാൻ ഞാൻ മുന്നോട്ടു നടക്കുംതോറും ഒരു ശബ്ദം കേട്ടു. കള- കളം പാടി ഒഴുകുന്ന നദി, അതു കാണാൻ എന്തുഭംഗി. ഞാൻ എന്റെ കാൽ അരുവിയിൽ വച്ചു. എന്തു തണുപ്പ് അവിടെ ഒരു പൂമ്പാറ്റ വന്നു. ഞാൻ അതിൻെറ പുറകെ ഓടി അപ്പോൾ തന്നെ അമ്മ വിളിക്കുന്നുണ്ടായിരുന്നു.

Sobha, UPST



# അശ്രുപൂജ

പൊട്ടിവിടിരുവാൻ ആശിച്ച് പൂമൊട്ട്
സത്വരം ഞെട്ടറ്റ് വീണുവല്ലോ
തോരാതുരുവിട്ട നിൻമോഴി മുത്തുകൾ
തീരാനഷ്ടമായ് തീർന്നുവല്ലോ
അഗ്നിസ്ഥലിംഗമായ് നിന്നുടെ ഓർമ്മകൾ
കത്തിയെരിയുന്നു ഹൃത്തടത്തിൽ
കാണാമറയത്തു നിന്നു നീ
വേറിട്ട കാഴ്ച്ചകൾ കാണുന്നല്ലോ
കാലപ്രവാഹത്തിന്റെ സ്പന്ദനമേറ്റുന്നീ
കാതരബിന്ദുവീയു മാറിയല്ലോ
നിൻപ്രിയ കൂട്ടുകാർക്കൊക്കെയും
വേദന മാത്രം ബാക്കിയാക്കി
നിർമ്മല സ്നേഹത്തിൻ മാതൃകാ വിദ്യാലയം
തീരെ വെറുത്തു നീപോയതാണോ
നിർപദനിസ്വനം കേൾക്കുവാനായ്
കാതോർത്തിരിക്കുന്നു ഞങ്ങളെന്നും
സ്വപ്നങ്ങളൊക്കെ ബാക്കിവച്ചോമനേ
സ്വസ്ഥമായ ഉറങ്ങീടുന്നു നിശ്ചലം
ആർത്തരായ് അർപ്പിപ്പൂ ഞങ്ങളീ
അശ്രുപൂജാഞ്ജലി നിൻ സവിധത്തിങ്കൽ


Adithya B

# സ്വാതന്ത്ര്യം തന്നെ അമൃതം

സെൻധ്യാനരീതി പഠിക്കാൻ വേണ്ടിയാണ് രമേശ് ആശ്രമത്തിൽ വന്നത്.രമേശ് അസ്വസ്ഥനായിരുന്നു. അയാൾ ചെരുപ്പുകൾ ഊരിവലിച്ചെറിഞ്ഞു.വാതിൽ തള്ളിത്തുറന്ന് ഗുരുവിന്റെ മുറിയിലേക്ക് കയറി.എന്നിട്ട് വാതിൽ വലിച്ചടച്ചു. ആകെ ബഹളം; ഗുരു അയാളെ നോക്കി മെല്ലെ ചോദിച്ചു.''നിങ്ങൾ എന്തിനാണു വന്നത്?'' ധ്യാനം പഠിക്കാൻ' ഒട്ടും ഭയമില്ലാതെ രമേശ് മറുപടി നൽകി. എങ്കിൽ നിങ്ങൾ ഊരിയെറിഞ്ഞ ചെരുപ്പിനോടും തള്ളിത്തുറന്നു വലിച്ചടച്ച കതകിനോടും ക്ഷമ ചോദിച്ചിട്ടുവരൂ. രമേശിനു കോപം തോന്നി.അയാൾ പിറുപിറുത്തു.'ആ ചെരുപ്പുകൾ എന്റേതാണ്.അതിനോട് എന്തു ചെയ്യാനും എനിക്ക് സ്വാതന്ത്ര്യമുണ്ട്.ആ കതകിന് ജീവനില്ല.അവയോടുംഅങ്ങനെയൊക്കെ പെരുമാറാൻ എനിക്ക് അവകാശവും സ്വാത്രന്ത്യവും ഉണ്ട്.' ഗുരു മന്ദഹസിച്ചു.'ഓഹോ എങ്ങനെ പ്രവർത്തിക്കാനും സ്വാതന്ത്രമുണ്ട,അല്ലേ?ഗുരു ചോദിച്ചു.എങ്കിൽ എത്രയോ മനോഹരമാണ്കോപിക്കുന്നതിനെക്കാൾ സ്നേഹത്തോടെപെരുമാറുന്നത്. സ്വാതന്ത്ര്യം അതായത് ,സ്വന്തം ഇംഗിതംപോലെ,ജീവിക്കാനാണു നമുക്കേവർക്കുംതാത്പര്യം.അല്ലേ.......നമ്മുടെ മഹാകവി കുമാരനാശാൻവപറഞ്ഞിട്ടുണ്ട്.... സ്വാതന്ത്ര്യം തന്നെയമൃതം സ്വാതന്ത്ര്യം തന്നെ ജീവിതം പാരതന്ത്ര്യം മാനികൾക്കു മൃതിയേക്കാൾ ഭയാനകം.രമേശ് ഒരു നിമിഷം നിശബ്ദമായി നിന്നുപോയി. പതുക്കെ പുറത്തിറങ്ങി. അയാൾ ചെരുപ്പുകൾ കൈകളിൽ എടുത്തു.എന്നിട്ട് പറഞ്ഞു,'പ്രിയ ചെരുപ്പുകളെ,എത്രയോ നാളുകളായി നിങ്ങൾ എന്നെ ചുമന്നുകൊണ്ടു നടക്കുന്നു.നിങ്ങളെ ഞാൻവലിച്ചെറിഞ്ഞു. തെറ്റായിപോയി നിങ്ങൾ മാപ്പുനൽകണം. വാതിലിന്റെ അടുത്ത് ചെന്നിട്ട് അയാൾ പറഞ്ഞു,'പ്രിയ വാതിലുകളെ, എനിക്ക് മാപ്പു നൽകണം.നിങ്ങൾ എത്രയോപേരെ ഗുരു സന്നിധിയിൽ കടന്നുപോകാൻ സഹായിക്കുന്നു. നിങ്ങളോട് ദയവില്ലാതെ പെരുമാറിയതിന് ക്ഷമചോതിച്ചുകൊള്ളുന്നു.' അയാൾ ഗുരുസന്നിധിയിലേക്ക് മടങ്ങതിരിച്ചെത്തി.ഗുരു ചോദിച്ചു,'ഇപ്പോൾ എന്തു തോന്നുന്നു?''ശാന്തി' അയാൾ മന്ത്രിച്ചു.'എങ്കിൽ ഇരിക്കൂ ധ്യാനം പഠിക്കാം.' തിരിച്ചെത്തി.ഗുരു ചോദിച്ചു,'ഇപ്പോൾ എന്തു തോന്നുന്നു?''ശാന്തി' അയാൾ മന്ത്രിച്ചു.'എങ്കിൽ ഇരിക്കൂ ധ്യാനം പഠിക്കാം.'


Arathi M Nair
എന്റെ പുഴ
സൗന്ദര്യത്തിന്റെ പുഴ
ദാഹജലമേകും പുഴ
ജീവനായിത്തീരും പുഴ
സുഖവും സന്തോഷവും
ജ്ഞാനികളും മറന്നുവോ പുഴയെ?
ഇന്ന് കനാൽ ജലം തെളിക്കും പുഴ!
ദാഹജലമേകും പുഴ
ജീവനായിത്തീരും പുഴ

Meenu P



# മായുന്ന സൗഹൃദം

എല്ലാം നീ അറിയുന്നുവെന്ന്
ഞാൻ നിന്നോട് പറയാനാകാതെ
ചിലത് നിന്നോട് പറയാനാകാതെ
പോകുന്നു എന്നിൽ
കൂടെയുണ്ടാകും നീ എപ്പോഴും
എന്ന വിശ്വാസം എന്നിൽ
എപ്പോഴെ കയറി കൂടി
അറിയുന്നുവോ നീ നമ്മുടെ സൗഹൃദം

ഒരിക്കൽ നാം രണ്ടുവഴി പിരിയാം
പിന്നീട് എല്ലാ സൗഹൃദവും പോൽ
വെറും ഹായ്,ബായ് മാത്രമായ് മാറാം
വെറും ഒരു ഹായ്; ബായ്...........

Priyanka C S, Former Student




ഓർമ്മകളേ നിൻ കൈക്കുമ്പിളിൽ
തുള്ളിക്കളിക്കുമീ തോൽപ്പാവകൾ
പലതരം കടുതരം  ഈ ജീവതമെങ്കിലും
നിന്നിൽ തുടിക്കാൻ വെമ്പുമീ  പാവകൾ ഞങ്ങൾ
ഒരു മനുഷ്യായുസ്സിന്റെ
ജീവനും നീ തന്നെ
ഒരു മനുഷ്യരാശിയുടെ
ജീവിതവും നീ തന്നെ
നിന്നിൽ പിറന്നൊരീ ജന്മം
നിന്നിൽ ലയിക്കുമീ ജന്മം
ബാല്യകാലത്തിൽ കളിയും
കൗമാരത്തിൽ നാണവും
യൗവ്വനത്തിൽ പ്രണയവും

വാർദ്ധക്യത്തിൽ അവശതകളും
എല്ലാം നൽകുമീ തണൽ
വൃക്ഷമേ, പൂത്തുലയൂ വീണ്ടും.

നന്മയുടെ ശുവെണ്മയും നീ തന്നെ
തിന്മയുടെ കൂരിരുട്ടും നീ തന്നെ
ചരിത്ര ബോധവും നീ തന്നെ
നാളെയുടെ ഭാവിയും നീ തന്നെ
മധുരവും കയ്പ്പും ഇട-
ചേർന്നൊരീ ഫലവൃക്ഷമേ
നിന്നിളം ഇലകളുടെ
മൃദുചലനം കേൾക്കവെ
സുഷുപ്തിതൻ സുഖം ഞാനറിയുന്നു
മോക്ഷപ്രാപ്തിയാകുമീ സുഷുപ്തിതിയിൽ
വിരാജിതയാകുമീ ഞാൻ വിടച്ചൊല്ലീടുന്നു....
എന്നെ സ്നേഹത്തിൻ മൂല്യം
പഠിപ്പിച്ചൊരീ മാതാപിതാക്കളോടും
കളിച്ചിരിതൻ നേർത്ത ഓർമ്മകൾ
തന്നൊരീ സുഹൃത്തുക്കളോടും
മൂല്യബോധങ്ങൾ തൻ പ്രാധാന്യം
പകർന്നു നൽകിയ അധാപകരോടും....
എന്നെ ഞാനൊക്കുമീ ഓർമ്മകളെ
നിങ്ങൾതൻ സുവർണ്ണത്തേരിൽ
എന്നെയും ആനയിക്കൂ
നിങ്ങൾതൻ സ്വർഗത്തിലൊരു
സിംഹാസനത്തിൽ എന്നെയും
കൂടി ആസനസ്ഥയാക്കൂ...





# സമാധാനത്തിൻെറ വെള്ളരിപ്രാവ്

Nasifa N

ജൂലൈ 12, 1997,തുർക്കിപേക്കായി യുസഫ്സായി –സിയാദ്ദീൻ യുസഫ്സായി എന്ന പാക്കിസ്ഥാനി ദമ്പതികൾക്ക് ഒരു സുദിനത്തിൽ ഒരു പെണകുഞ്ഞ് പിറന്നു. മലാല എന്നവർ ആ കുഞ്ഞിനു പേരു നൽകി. പാക്കിസ്ഥാൻെറ അതിർത്തി പ്രദേശമായ മിൽഗോറ ഗ്രാമത്തിലെ പൊന്നോമനയായി അവൾ വളർന്നു. എല്ലാ കുട്ടികളെയും പോലെയല്ല മലാല സ്വപ്നങ്ങൾ കണ്ടത് അവൾ കളിക്കാനല്ല ആഗ്രഹിച്ചിരുന്നത്. മറിച്ച് എത്രയും പെട്ടന്ന് സ്കൂളിൽ പോകണമെന്നായിരുന്നു. മലാല എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം എന്ന അവകാശത്തിന് വേണ്ടി പോരാടി. പക്ഷേ ഇതിൽ അക്രമാസക്തരായ തീവ്രവാദികൾ മലാലയെ വെടിവെച്ചു. അവളുടെ ഭാവി മുൾമുനയിൽ നിന്നത് അന്നായിരുന്നു. പക്ഷേ ഭാഗ്യം അവളെ തുണച്ചു. നിരവധി പേരുടെ പ്രർത്ഥനയാലും ഇംഗ്ലണ്ടിലെ ആധുനിക ചികിത്സയാലും മലാല തിരിച്ചു വന്നു. മൂർച്ചയേറിയ ആയുധത്തെക്കാൾ കരുത്ത് പേനയ്ക്കാണെന്ന് തൻെറ വരികളാൽ അവൾ ആക്രമികൾക്ക് കാട്ടികൊടുത്തു. പ്രതികാരത്തിൻെറ വചനമല്ല പകരം പ്രവാചകൻമാരുടെയും ക്രിസ്തുവിന്റെയും വചനമാണ് താൻ ഗ്രഹിച്ചതെന്ന് അവൾ ലോകത്തോട് വിളിച്ച് പറഞ്ഞു.

അവൾ പറഞ്ഞു ഒരു കുട്ടി, ഒരു അധ്യാപകൻ, ഒരു രചന എന്നിവയ്ക്ക് ലോകത്തെ മാറ്റാൻ കഴിവുണ്ട്. അവളോടൊപ്പം ഞങ്ങളും പറയുന്നു. വിദ്യാഭ്യാസം,അതാകട്ടെആദ്യം.... പോരാടുക ഈ വെള്ളരിപ്രാവിനൊപ്പം.

# LITTLE KITES ACTIVITIES







2018/11/14 13:20


29
Children's Day Wishes
little KITEs
കാർത്തിക തിരുനാൾ
ഗവ. വി. എച്ച്. എസ്. എസ്, മണക്കാട്
2018/11/14 10:57





little KITEs



thank you.....